بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 30.06.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ബദ്ർ യുദ്ധത്തിന്റെ ആരംഭം

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

സവാദ് ബിൻ ഗസിയയുടെ റസൂൽ(സ)നോട് നടത്തിയ വിചിത്രമായ സ്നേഹപ്രകടന സംഭവം മുൻ ഖുത്ബയിൽ വിവരിച്ചിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാണ്: സവാദ് ഈ യുദ്ധത്തിൽ വിജയ പ്രതാപത്തോടെ മടങ്ങുകയും ബഹുദൈവാരാധകരിൽ ഒരാളായ ഖാലിദ് ബിൻ ഹിശാമിനെ തടവിലാക്കുകയും ചെയ്തു. പിന്നീട്, ഖൈബർ യുദ്ധത്തിന്റെ സമ്പത്ത് ശേഖരിക്കുന്നതിന് തിരുനബി(സ) അദ്ദേഹത്തെ ചുമതലപ്പെടുത്തി.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഈ സംഭവം പരാമർശിച്ചിരിക്കുന്നത്, ഹിജ്റ 2 ന് റമദാൻ 17 വെള്ളിയാഴ്ച രാവിലെ ആദ്യം നമസ്കാരം നിർവഹിച്ചു. ജിഹാദ് എന്ന വിഷയത്തിൽ തിരുനബി(സ) പ്രഭാഷണം നടത്തി. പിന്നെ അൽപ്പം വെളിച്ചം വന്നപ്പോൾ റസൂലുല്ലാഹ്(സ) അമ്പ്കൊണ്ട് മുസ്‌ലിംകളുടെ അണി ശരിയാക്കാൻ തുടങ്ങി. സവാദ് എന്നു പേരുള്ള ഒരു സ്വഹാബി നിരയിൽ നിന്ന് അൽപം മുന്നിൽ നിൽക്കുന്നുണ്ടായിരുന്നു. ഒരു അമ്പ് ചൂണ്ടികൊണ്ട് പിൻവാങ്ങാൻ നബി(സ) ആവശ്യപ്പെട്ടു. എന്നാൽ യാദൃശ്ചികമായി ഈ അമ്പിന്റെ തടി ഈ സ്വഹാബിയുടെ നെഞ്ചിൽ പതിച്ചു. ഈ സ്വഹാബി ധൈര്യത്തോടെ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, സത്യത്തോടും നീതിയോടും കൂടിയാണ് അല്ലാഹു താങ്കളെ അയച്ചിരിക്കുന്നത്. എന്നാൽ നിങ്ങൾ എന്നെ അന്യായമായി അമ്പ്കൊണ്ട് മർദിച്ചിരിക്കുന്നു. അല്ലാഹുവാണെ, ഞാൻ ഇതിന് താങ്കളോട് പ്രതികാരം ചെയ്യുന്നതാണ്. തിരുനബി(സ) പറഞ്ഞു: ശരി, സവാദ്, എന്നെയും ഒരു അമ്പ്കൊണ്ട് അടിച്ചുകൊള്ളുക. ഇതും പറഞ്ഞു തിരുനബി(സ) നെഞ്ചിൽനിന്നും വസ്ത്രം നീക്കി. സവാദിന് ഇത് എന്ത് സംഭവിച്ചുവെന്ന് സ്വഹാബികൾ ആശങ്കാകുലരായിരുന്നു. സവാദ് പ്രവാചകന്റെ നെഞ്ചിൽ സ്നേഹത്താൽ ചുംബിച്ചു. തിരുനബി(സ) പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു: നിങ്ങൾക്ക് ഇങ്ങനെ ചെയ്യാൻ തോന്നാനുള്ള കാരണം എന്താണ്.? അപ്പോൾ ഇടറിയ സ്വരത്തിൽ സവാദ് പറഞ്ഞു: യാ റസൂലുല്ലാഹ്(സ) ശത്രു മുന്നിലുണ്ട്, ഇവിടെ നിന്ന് രക്ഷപ്പെടാൻ കഴിയുമോ ഇല്ലേ എന്ന് ഒരു അറിവുമില്ല. ശഹാദത്തിന് മുമ്പ് താങ്കളുടെ അനുഗ്രഹീത ശരീരത്തിൽ എന്റെ ശരീരം സ്പർശിക്കാൻ ഞാൻ ആഗ്രഹിച്ചു.

റസൂൽ(സ) അണികൾ നേരെയാക്കിക്കൊണ്ട് സ്വഹാബികളോട് പറഞ്ഞു: ഞാൻ നിങ്ങളോട് കൽപ്പിക്കുന്നത് വരെ ശത്രുവിനെ ആക്രമിക്കരുത് ശത്രു വളരെ അടുത്തെത്തുന്നതുവരെ വാളുപയോഗിക്കരുത്. നബി(സ) തന്റെ ഖുത്ബയിൽ ജിഹാദിനെയും ക്ഷമയെയും പറ്റി ഉദ്ബോധിപ്പിച്ചു. തുടർന്ന് പറഞ്ഞു: കഷ്ടതകളിൽ ക്ഷമിക്കുന്നതിലൂടെ അല്ലാഹു പ്രയാസങ്ങൾ അകറ്റുകയും ദുഃഖങ്ങളിൽ നിന്ന് മോചനം നൽകുകയും ചെയ്യുന്നതാണ്. തിരുനബി(സ)യുടെ ഈ ഖുത്ബയെ ഒരിടത്ത് വിവരിച്ചത് ഇപ്രകാരമാണ്, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു ഉദ്ബോധിപ്പിച്ചിട്ടുള്ളതിനെ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയതിനെ ഞാൻ നിങ്ങൾക്ക് വിലക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങളോട് സത്യം മുറുകെ പിടിക്കാൻ കൽപിക്കുന്നു. അവൻ സത്യത്തെ ഇഷ്ടപ്പെടുന്നു, അവൻ സദ്വൃത്തർക്ക് ഉന്നതസ്ഥാനങ്ങൾ നൽകുന്നു. ദുഃഖസമയത്ത് ക്ഷമ എന്നത്, അല്ലാഹു ദുഃഖം അകറ്റുകയും കഷ്ടപ്പാടുകൾ ഒഴിവാക്കുകയും ചെയ്യുന്ന ഒന്നാണ്. ക്ഷമ കാണിക്കുന്നതിലൂടെ പരലോകത്ത് മോക്ഷം ലഭിക്കുന്നു. നിങ്ങളുടെ പരസ്പര അനിഷ്ടത്തെക്കാൾ വലുതാണ് അല്ലാഹുവിന്റെ അപ്രീതിയെന്ന് സർവശക്തനായ അല്ലാഹു പറയുന്നു.